വെള്ളപ്പൊക്കദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തിയ സ്കൂളുകൾക്കു പുതിയ കെട്ടിടങ്ങൾ

946 [1135] ശ്രീ. സി.ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടികൾ പ്രകാരം എത്ര സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്;

(ബി) ഓരോ ജില്ലയിലും ഉള്ള നിയോജകമണ്ഡലങ്ങളിൽ എത്ര സ്കൂൾ കെട്ടിടങ്ങൾ അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ആലത്തൂർ നിയോജക മണ്ഡലത്തിൽ കെട്ടിടങ്ങൾ അനുവദിച്ച സ്കൂളുകളുടെ പേരെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) കെട്ടിടങ്ങൾക്കുവേണ്ടി അനുവദിച്ച തുകയെത്രയെന്നു വ്യക്തമാക്കുമോ;

ഉത്തരം

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടികൾ പ്രകാരം 262 സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) നിയോജക മണ്ഡലാടിസ്ഥാനത്തിൽ അനുവാദം നൽകിയിട്ടില്ല. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	31
കൊല്ലം	18
പത്തനംതിട്ട	13
ആലപ്പുഴ	19
കോട്ടയം	21
ഇടുക്കി	28
എറണാകുളം	23
തൃശ്ശൂർ	15
പാലക്കാട്	10
മലപ്പുറം	13
കോഴിക്കോട്	25
വയനാട്	10
കണ്ണൂർ	19
കാസർഗോഡ്	17
ആകെ	262

(സി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ അനുവാദം നൽകിയിട്ടില്ല.

(ഡി) 247.81 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly